# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

11.06.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .94

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സാജു പോൾ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി മത്സ്യ ബന്ധനയാനങ്ങളിൽ അവയുടെ മതിയായ രേഖകൾ സൂക്ഷിക്കേണ്ടതിന്റേയും ജീവനക്കാരുടേയും തൊഴിലാളികളുടേയും കൈവശം തിരിച്ചറിയൽകാർഡ് കരുതേണ്ടതിന്റേയും ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും "ബയോമെട്രിക് ID കാർഡ്" വിതരണം ചെയ്യുവാനുള്ള പദ്ധതി പൂർത്തിയായി വരുന്നു. കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ മത്സ്യബന്ധന യാനങ്ങളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സൂക്ഷിക്കേണ്ടതാണെന്നും മത്സ്യത്തൊഴിലാളികളെ ബോധവൽകരിച്ചിട്ടുണ്ട്. കൂടാതെ സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവയിൽ ഉൾപ്പെടുത്തി ബീക്കൺ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ 7262 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ